ഉത്തരം

ജലസേചന വകുപ്പിൽ പ്രോജക്ട് I ചീഫ് എഞ്ചിനിയറുടെ കീഴിലുള്ള കുറ്റ്യാടി ജലസേചന പദ്ധതിയിൽ 3 റോഡുകളുടെ പ്രവൃത്തികൾ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെപ്പറയുന്നു:

Sl. No.	Name of Work	A.S Amount	Status of Work
1	KyIP-Maintenance of canal bund road between ch:2/00Km and 3/100 km of Thiruvangoor Branch Canal	16.50 lakhs	പ്രവൃത്തി പൂർത്തീകരിച്ചു
2	KyIP-Maintenance of canal bund road between ch:0/000Km and 1/300 km of Thiruvangoor Branch Canal	19.50 lakhs	പ്രവൃത്തി പൂർത്തീകരിച്ചു
3	KyIP-Maintenance of canal bund road between ch:3/200Km and 5/100 km of Thiruvangoor Branch Canal	25.00 lakhs	പ്രവൃത്തി 65% പൂർത്തീകരിച്ചു

ജലസേചന വകുപ്പ്

ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) മുഖേന കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

കേരള ജല അതോറിറ്റി

കേരള ജല അതോറിറ്റി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

പുഴകളെ സംരക്ഷിക്കുന്നതിന് പദ്ധതി

178 (867) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ പുഴകളെയും സംരക്ഷിക്കുന്നതിന് സമഗ്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ-സി) കേരളത്തിലെ പുഴകളുടെ നീരൊഴുക്ക് നിലനിർത്തി സംരക്ഷിക്കുന്നതിനു വേണ്ടി തടയണകൾ, ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ചെക്ക് ഡാം/ റെഗുലേറ്ററുകൾ തുടങ്ങിയവ ആവശ്യാനുസരണം നിർമ്മിക്കാറുണ്ട്. പുഴകളുടെ കരയിടിയുന്നത് തടയുന്നതിലേയ്ക്കായി പാർശ്വഭിത്തികൾ നിർമ്മിക്കാറുണ്ട്. പുഴകൾ മലിനമാകുന്നത് തടയുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. നദീതടസംരക്ഷണത്തിനായി വിപുലമായ അധികാരങ്ങളുള്ള സംസ്ഥാന നദീ തണ്ണീർത്തട അതോറിറ്റി രൂപീകരണം സംബന്ധിച്ച ബിൽ തയ്യാറാക്കി പരിഗണിച്ചുവരികയാണ്. ഭാരതപ്പുഴ, ചാലിയാർ, പമ്പ നദീതട വികസനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 2012-13 ബഡ്ജറ്റിൽ 13.18 കോടി രൂപ നീക്കിവച്ചിരുന്നു. കേരളത്തിലെ പുഴകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഭാരതപ്പുഴയെ ഒരു പൈലറ്റ് പ്രോജക്ടായി തെരഞ്ഞെടുത്ത് അതിന്റെ സംരക്ഷണത്തിനും വികസനത്തിനുമായിട്ടുള്ള ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 1222 കോടി രൂപയുടെ വിശദമായ പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ ഭാരതപ്പുഴയ്ക്ക കുറുകെ പുതിയ സാങ്കേതിക വിദ്യയിൽ മന്നനൂരിൽ തടയണ നിർമ്മിക്കുന്നതിന് 489.44 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും പ്രസ്തുത തടയണ നിർമ്മാണം 'Kerala Irrigation Infrastructure Development Corporation' നെ ഏൽപ്പിക്കുകയും ചെയ്തു. 2016 ഫെബ്രുവരിയിൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, ഭാരതപ്പുഴ, ചാലിയാർ ബേസിനുകളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ചെക്ക് ഡാമുകളും, റെഗുലേറ്ററുകളും നിർമ്മിക്കുന്നതിനുള്ള പര്യവേഷണ ജോലികൾക്കും സർവ്വേ ചെയ്യുന്നതിനുമായി 4.70 കോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകുകയും ചെയ്തു. ഇതിനുപുറമെ തൃശ്ശൂർ ജില്ലയിലെ തിരുവില്വാമല പഞ്ചായത്തിൽ ഐവർമഠത്തിൽ ബലിതർപ്പണകടവ് സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു. ഭാരതപ്പുഴ സമഗ്ര വികസനത്തിനായി CESS, CWRDM, ഇറിഗേഷൻ, റവന്യൂ മുതലായ വകുപ്പുകളുടെ ഏകോപനത്തോടുകൂടി ഒരു basic plan തയ്യാറാക്കുന്നതിന് 29-4-2013-ൽ പ്ലാനിംഗ് ബോർഡ് ചെയർമാൻ വിളിച്ചുചേർത്ത മീറ്റിംഗിൽ തീരുമാനിക്കുകയുണ്ടായി. എല്ലാ വകുപ്പുകളുടെയും പങ്കാളിത്തത്തോടുകൂടി ഭാരതപ്പുഴക്കുമാത്രമായി ഒരു സംരക്ഷണ പദ്ധതി ആസൂത്രണം ചെയ്യുന്നതിലേക്ക് പ്ലാനിംഗ് ബോർഡിന്റെ മേൽനോട്ടത്തിൽ മീറ്റിംഗ് വിളിച്ചുകൂട്ടാനും പ്രസ്തുത യോഗത്തിൽ തീരുമാനമുണ്ടായി. ചാലിയാർ നദീതടത്തിന്റെ കരട് മാസ്റ്റർ പ്ലാൻ CWRDM തയ്യാറാക്കിയിട്ടുണ്ട്. ഷിറിയ നദീതടത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ചീഫ് എഞ്ചിനീയർ, ISW നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികൾ ഒന്നുംതന്നെ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly